# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 381-

## 2018 ഫെബ്രുവരി 27 നുള്ള മറുപടിയ്ക്ക്

### സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ

| | ചോദ്യം<br>ശ്രീ.വി.അബ്ദുറഹിമാൻ, എം എൽ എ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കുള്ള എച്ച്.ബി.എ (ഭവന നിർമ്മാണ വായ്പ) 2017-2018 സാമ്പത്തിക വർഷത്തിൽ എത്ര പേർക്കാണ് ഇതുവരെ നൽകിയിട്ടുള്ളത്: | 2017-2018 സാമ്പത്തിക വർഷത്തിൽ ആകെ 344 അപേക്ഷകളിൽ ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിന് ഇതുവരെ സർക്കാർ ഫണ്ട് അലോട്ട് ചെയ്തു കഴിഞ്ഞു. |
| (ബി) | ഇക്കൊല്ലം ആകെ എത്ര പേർക്കാണ് വായ്പ അനുവദിക്കുന്നത്; എന്നും സംബന്ധിച്ച വിശദാംശം നൽകുമോ; | 2017-18 സംസ്ഥാനതല സംയോജിത ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ ആകെ 2889 അപേക്ഷകളാണുള്ളത്. അതിൽ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിനുള്ള ഫണ്ട് ( 50 കോടി രൂപ) അലോട്ട് ചെയ്തു കഴിഞ്ഞു. അവശേഷിക്കുന്നത് 2545 അപേക്ഷകളാണ്. ടി അപേക്ഷകളിന്മേൽ വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഇതിനായി കഴിഞ്ഞ ബഡ്ജറ്റിൽ ആകെ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; | 2017-2018-ലെ ബഡ്ജറ്റിൽ ആകെ 231 കോടി രൂപയാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പയ്ക്ക് വകയിരുത്തിയിട്ടുള്ളത്. |
| (ഡി) | ഇനിയും വായ്പ ലഭിക്കാനുള്ളവർക്ക് എപ്പോൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്; വിതരണം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ? | ഇനിയും വായ്പ ലഭിക്കാനുള്ളവർക്ക് വായ്പ നൽകുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**